ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.08.2025**

## പ്രധാനവാർത്തകൾ

1. **സമ്മേളനം നടക്കുന്ന പാർലമെൻറിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും നടപടികൾ തടസ്സപ്പെട്ടു; ഇരുസഭകളും രണ്ടു മണിവരെ പിരിഞ്ഞു.**

2. **നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ടെന്ന് മന്ത്രി ജി.ആർ.അനിൽ.**

3. **കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കർശന ജാഗ്രതാ മുന്നറിയിപ്പ് നൽകി ആരോഗ്യ വകുപ്പ്.**

4. **സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പാക്കാനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കാനും മിൽമ നിർണായക പങ്ക് വഹിച്ചതായി മന്ത്രി ജെ.ചിഞ്ചുറാണി.**

5. **രാജ്യത്ത് ആറ് സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്കുള്ള ചുവപ്പ് ജാഗ്രതാ നിർദ്ദേശം ; സംസ്ഥാനത്തും ശക്തമായ മഴ തുടരും; കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

*************************************************************

RNUTVPM

## പാർലമെൻറ്

വർഷകാല സമ്മേളനം നടക്കുന്ന പാർലമെന്റിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും നടപടികൾ തടസ്സപ്പെട്ടു. ബീഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയം ഉന്നയിച്ചാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. ബഹളം രൂക്ഷമായതോടെ രാജ്യസഭ രണ്ടു മണിവരെ പിരിഞ്ഞു. ലോക്സഭയിലും സമാന സാഹചര്യമായിരുന്നു. ഇന്ന് സഭ സമ്മേളിച്ചപ്പോൾ തന്നെ പ്രതിപക്ഷം വിവിധ വിഷയങ്ങൾ ഉന്നയിച്ച് ബഹളം തുടങ്ങി. തുടർന്ന് സ്പീക്കർ 12 മണിവരെ സഭ നിർത്തിവയ്ക്കുന്നതായി അറിയിച്ചു. വീണ്ടും സഭ ആരംഭിച്ചപ്പോഴും തൽസ്ഥിതി തുടർന്നതിനാൽ ലോക്സഭയും രണ്ടുമണിവരെ നിർത്തുകയായിരുന്നു.

RNU TVPM

**************************************************************

## വികസിത് ഭാരത് - ലോക്സഭ

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ഒക്ടോബർ 3 ന് ആരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കർഷകരും കാർഷിക മേഖലയിലെ ശാസ്ത്രജ്ഞരും തമ്മിൽ നേരിട്ടുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ കാമ്പയിൻ ലക്ഷ്യമിടുന്നത്. ഒക്ടോബർ 18 വരെ കാമ്പയിൻ തുടരുമെന്നും ലോക്സഭയിൽ ചോദ്യോത്തര വേളയിൽ അദ്ദേഹം പറഞ്ഞു.

**************************************************************

## പ്രധാനമന്ത്രി - ഉന്നതതല യോഗം

രാജ്യത്തെ ജനങ്ങളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനും, വ്യാപാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇതുമായി ബന്ധപ്പെട്ട ഉന്നതതല യോഗത്തിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചതാണ് ഇക്കാര്യം.

*****************************************************

## എസ്.ജയ്ശങ്കർ

RNUTVPM

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ മൂന്ന് ദിവസത്തെ റഷ്യ സന്ദർശനത്തിനായി ഇന്ന് യാത്ര തിരിക്കും. നാളെ മോസ്കോയിൽ നടക്കുന്ന വ്യാപാരം, സാമ്പത്തികം, ശാസ്ത്രം, സാങ്കേതികം, സാംസ്കാരികം സഹകരണം എന്നിവ സംബന്ധിച്ച ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷന്റെ 26-ാമത് സെഷനിൽ അദ്ദേഹം സഹ-അധ്യക്ഷത വഹിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ചർച്ച നടത്തുന്ന ശ്രീ ജയ്ശങ്കർ ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യും.

*****************************************************

## എൻ.ഡി.എ യോഗം

എൻഡിഎ പാർലമെന്ററി പാർട്ടി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. യോഗത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി എൻഡിഎ യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി

സി.പി.രാധാകൃഷ്ണനെ പരിചയപ്പെടുത്തുകയും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്തു. പ്രതിപക്ഷ പാർട്ടികൾ ഉൾപ്പെടെ എല്ലാ എംപിമാരും, സി പി രാധാകൃഷ്ണനെ ഏകകണ്ഠമായി തിരഞ്ഞെടുക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചതായി യോഗത്തിനുശേഷം കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു.

***************************************************

## ജി.ആർ.അനിൽ (ഇൻട്രോ)

വിപണിയിലെത്തുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകാൻ കഴിയണമെന്നതാണ് സർക്കാരിന്റെ നിലപാടെന്ന് മന്ത്രി ജി.ആർ.അനിൽ. ഈ ലക്ഷ്യമാണ് സപ്ലൈകോയിലൂടെ നടപ്പിലാക്കുന്നതെന്നും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നതായും മന്ത്രി പറഞ്ഞു. ഈ മാസം 25 മുതൽ ഓണച്ചന്തകൾ ആരംഭിക്കും. സപ്ലൈകോ, ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കുന്ന ചടങ്ങ് എറണാകുളം ബോൾഗാട്ടി പാലസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അരിപ്പൊടി, പായസം മിക്സ്, പഞ്ചസാര, ഉപ്പ്, പാലക്കാടൻ മട്ട എന്നിവയാണ് പുതിയ ഉത്പന്നങ്ങൾ.

(ഹോൾഡ് വോയിസ്)

***************************************************

## സപ്ലൈ കോ -വിലക്കുറവ്

ഓണത്തിന് മുന്നോടിയായി സപ്ലൈകോ വില്പനശാലകളിൽ ഈ മാസം 24 വരെ തെരഞ്ഞെടുത്ത സബ്സിഡി ഇതര

RNU TVPM

ഭക്ഷ്യവസ്തുക്കൾ വിലക്കുറച്ച് ലഭ്യമാക്കും. ഹാപ്പി അവേഴ്സ് എന്ന പേരിൽ ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് നാലു മണി വരെയാണ് ഉൽപ്പന്നങ്ങൾ 10% വരെ പ്രത്യേക വിലക്കുറവിൽ ലഭ്യമാക്കുന്നത്. വെളിച്ചെണ്ണയടക്കമുള്ള ശബരി ഉൽപ്പന്നങ്ങൾ, സോപ്പ്, ശർക്കര, ആട്ട, സാനിറ്ററി നാപ്കിൻ തുടങ്ങിയവയ്ക്ക് അധിക വിലക്കുറവുണ്ടാകും.

**************************************************

## മിൽമ കൗ മിൽക്ക്

സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പാക്കാനും ജനങ്ങൾക്ക് നല്ലയിനം പാൽ ലഭ്യമാക്കാനും മിൽമ നിർണായക പങ്ക് വഹിച്ചതായി മന്ത്രി ജെ.ചിഞ്ചുറാണി. മിൽമ ഉത്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായി മിൽമ പുറത്തിറക്കുന്ന **'മിൽമ കൗ മിൽക്ക്'** ഒരു ലിറ്റർ ബോട്ടിലിൻറെ ഉദ്ഘാടനവും പ്രകാശനവും തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു മന്ത്രി. ഓണവിപണി ലക്ഷ്യമിട്ട് തിരുവനന്തപുരം മേഖലാ യൂണിയനാണ് മിൽമ കൗ മിൽക്ക് വിപണിയിലിറക്കുന്നത്. നാളെ മുതൽ പാൽ, വിപണിയിൽ എത്തും. പാലിൻറെ തനത് ഗുണമേൻമയും സ്വാഭാവിക തനിമയും നിലനിർത്തുന്ന പ്രോട്ടീൻ സമ്പുഷ്ടമായ **'മിൽമ കൗ മിൽക്ക്'** 1 ലിറ്റർ ബോട്ടിലിന് 70 രൂപയാണ് വില.

RNU TVPM

**************************************************

## നെഹ്റു ട്രോഫി (ഇൻട്രോ)

നെഹ്റു ട്രോഫി വള്ളംകളി കാണാൻ അവസരമൊരുക്കി കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെൽ.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ....**

**(വോയിസ്)**

****************************************************

## നെഹ്റു ട്രോഫി -അവധി

നെഹ്റു ട്രോഫി വള്ളംകളിയോടനുബന്ധിച്ച് ഈ മാസം 30 ന് ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ എന്നീ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടക്കും.

RNU TVPM

****************************************************

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ രോഗ ലക്ഷണങ്ങളോടെ മൂന്ന് മാസം പ്രായമുള്ള കുട്ടി ഉൾപ്പടെ രണ്ട് പേരാണ് ചികിൽസയിൽ കഴിയുന്നത്. കടുത്ത തലവേദന, പനി, ഛർദ്ദി, കഴുത്ത് തിരിക്കാനും വെളിച്ചത്തിലേക്ക് നോക്കാനും ബുദ്ധിമുട്ട് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

****************************************************

## പമ്പ-നീലിമല പാത (ഇൻട്രോ)

മഴ സമയങ്ങളിൽ തീർഥാടകർക്ക് തെന്നിവീണ് അപകടം സംഭവിക്കുന്നത് പതിവായതോടെ പമ്പ നീലിമല പാതയിൽ

അപകടാവസ്ഥ ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ തുടങ്ങി. കരിങ്കൽപ്പാതയിൽ തലയിടിച്ചുവീണു ധാരാളം തീർഥാടകർക്കാണ് സാരമായ പരിക്കുകൾ ഏറ്റിരുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ..............

(വോയിസ്)

**********************************************************

## മഴ

രാജ്യത്ത് ആറ് സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്കുള്ള ചുവപ്പ് ജാഗ്രതാ നിർദ്ദേശം. സംസ്ഥാനത്തും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള ആറു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് നാളെ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

**********************************************************

## യാത്രി സുരക്ഷ

ട്രെയിനുകളിൽ നടന്ന കവർച്ച കേസുകളിലെ പ്രതികളെ അതിവേഗം പിടികൂടി റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ്.

ഓപ്പറേഷൻ യാത്രി സുരക്ഷയുടെ കീഴിലുള്ള ഏകോപിത പോലീസ് നടപടികളുടെ ഭാഗമായാണ് 24 മണിക്കൂറിനുള്ളിൽ കുറ്റവാളികളെ പിടികൂടുന്നതിനും മോഷ്ടിച്ച സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനും സാധിച്ചത്. കോച്ചുകളുടെ വാതിലുകളിലും ഫുട്ബോർഡുകളിലും സഞ്ചരിക്കുന്ന യാത്രക്കാരെ ലക്ഷ്യം വെച്ച് ആക്രമണം നടത്തുന്ന കവർച്ച സംഘത്തെയാണ് തിരുവനന്തപുരം ഡിവിഷനിലെ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് പിടികൂടിയത്. യാത്രക്കാർ ജാഗ്രത പാലിക്കണമെന്നും ഫുട്ബോർഡ് യാത്ര ഒഴിവാക്കണമെന്നും യാത്രക്കാർക്ക് മുന്നറിപ്പ് നല്കി.

****************************************************

## ശുചിത്വഭേരി-എം.ബി.രാജേഷ്

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ നഗരസഭകളെ ആദരിക്കുന്ന ശുചിത്വഭേരി 2025 പരിപാടി മന്ത്രി എം.ബി.രാജേഷ് നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഹരിതമിത്രം 2.0 യുടെ ഔദ്യോഗിക ലോഞ്ചിങ്ങും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ് ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. രാജ്യത്തെ നഗര ശുചിത്വ സർവേയിൽ ഇക്കുറി കേരളത്തിലെ എട്ട് നഗരങ്ങൾ ആദ്യ നൂറിലും, 82 നഗരങ്ങൾ ആദ്യ ആയിരത്തിലും ഇടംപിടിച്ചിരുന്നു.

****************************************************

## തിരുവനന്തപുരം - ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിൽ ഇന്ന് രാത്രി ഏഴ് മണി മുതൽ നാളെ രാത്രി 10 മണി വരെ വിവിധ സ്ഥലങ്ങളിൽ ജലവിതരണം മുടങ്ങും. ശാസ്തമംഗലം, പൈപ്പിന്മൂട്, വെള്ളയമ്പലം, വഴുതക്കാട്, തൈക്കാട്, മേട്ടുക്കട, വലിയശാല, കൊച്ചാർ

RNU TVPM

റോഡ്, ജഗതി എന്നീ സ്ഥലങ്ങളിൽ പൂർണമായും, ജവഹർ നഗർ, നന്തൻ കോട് , കുന്നുകുഴി, വഞ്ചിയൂർ വാർഡുകളിലും ഭാഗികമായും ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ വേണ്ട മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

**************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പര മൻ കി ബാത്ത് ഈ മാസം 31 ന്. പരിപാടിയുടെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, ആഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

*********************************************************************************************************

RNU TVPM